ഞ്ജൻ കുമാർ ബി.എൻ. ഐ.എഫ്.എസ്
ഫോറസ്റ്റ് കൺസർവേറ്റർ
(ഫുൾ അഡീഷണൽ ചാർജ്ജ്)

ഇൻസ്പെക്ഷൻ & ഇവാലുവേഷൻ
സർക്കിൾ സതേൺ റീജിയൺ
കോട്ടയം. 686006
ഫോൺ/ഫാക്സ്: 0481 2312402
ഇ മെയിൽ :cf-ie-sr.for@kerala.gov.in

വിഎസ്വൈ.942/2018

തീയതി.25/05/2018.

സ്വീകർത്താവ്,

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),
തിരുവനന്തപുരം.

സർ,

വിഷയം: വനം വകുപ്പ് ഓഫീസിൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ തമ്മിൽ വാക്കേറ്റം എന്ന തലക്കെട്ടിൽ 09/05/2018-ന് ഉണ്ടായ പത്രവാർത്ത - സംബന്ധിച്ച്.

സൂചന:
1. അങ്ങയുടെ KFDHQ/25360/18 ADMIN/B9 തീയതി 11/05/18 നമ്പർ കത്ത്.
2. ഇടുക്കി ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 16/05/2018 -ലെ പി 22/18 നമ്പർ റിപ്പോർട്ട്.
3. കോതമംഗലം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയ ഡ്രൈവർ ശ്രീ. ശ്യാമിന്റെ മൊഴി.
4. 18/05/2018-ൽ മൂന്നാർ വൈൽഡ് ലൈഫ് വാർഡൻ ശ്രീമതി ആർ. ലക്ഷ്മി ഫോറസ്റ്റ് കൺസർവേറ്റർ (ഐ&ഇ) കോട്ടയം മുമ്പാകെ എഴുതി നൽകിയ മൊഴി.
5. 18/05/18-ൽ ഫീൽഡ് ഡയറക്ടർ പ്രൊജക്ട് ടൈഗർ കോട്ടയം ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. കെ.വി. ഹരികൃഷ്ണൻ എഴുതി നൽകിയ മൊഴി.

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. സൂചന ഒന്നിൽ പറയുന്ന നിർദ്ദേശ പ്രകാരം മേൽ വിഷയം സംബന്ധിച്ച് ഇടുക്കി ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേനയും കോതമംഗലം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേനയും ഞാൻ നേരിട്ടും അന്വേഷണം നടത്തുകയുണ്ടായി.

പത്രവാർത്തക്ക് ആസ്പദമായ കാര്യങ്ങൾ 03/05/2018-ന് കോട്ടയം ഫീൽഡ് ഡയറക്ടർ ഓഫീസിൽ വച്ചാണ് ഉണ്ടായിട്ടുള്ളത്.

ഇടുക്കി ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയം ഫീൽഡ് ഡയറക്ടർ ഓഫീസിലെ 03/05/2018-ന് ഹാജരുണ്ടായിരുന്ന ജീവനക്കാരോട് മേൽ വിഷയം സംബന്ധിച്ച് അന്വേഷിക്കുകയും ആയവരുടെ മൊഴി രേഖപ്പെടുത്തുകയുമുണ്ടായി. സംഭവ ദിവസം (03/05/2018--ന്) ഓഫീസിൽ ഹാജരുണ്ടായിരുന്ന ഷിജോ.സി.കുര്യൻ - ഹെഡ് അക്കൗണ്ടന്റ്, വി.വി സുജിത്- സീനിയർ ക്ലാർക്ക്, ശ്രീമതി. വിദ്യാ വിശ്വനാഥൻ- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ശ്രീ. എം മഹേഷ് ചന്ദ്രൻ- ക്ലാർക്ക്, ശ്രീ. കെ.ആർ മഹേഷ് കുമാർ- സീനിയർ ക്ലാർക്ക്, ശ്രീ. മനോജ് വി. ചെട്ടിയാർ - സീനിയർ ക്ലാർക്ക്, ശ്രീമതി. രാഖിമോൾ - ഡി മാൻ, ശ്രീ. റ്റി.എം സുരേഷ് ഓഫീസ് അറ്റന്റന്റ്, ശ്രീമതി. മഞ്ജു

മോൾ കെ.എ - ഓഫീസ് അറ്റന്റന്റ്, ശ്രീമതി. ജയശ്രീ. ആർ - സീനിയർ ക്ലാർക്ക്, ശ്രീ. റ്റി.എ ഷാജഹാൻ - സീനിയർ ക്ലാർക്ക്, ശ്രീ. റ്റി. ജെ. ശ്രീജിത് - ഓഫീസ് അറ്റന്റന്റ്, ശ്രീമതി. ആൻസി ചെറുകര - സെക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, ശ്രീമതി. റനി ആർ പിള്ള - ഡെപ്യൂട്ടി ഡയറക്ടർ വൈൽഡ് ലൈഫ് എഡ്യൂക്കേഷൻ എന്നിവരിൽ നിന്നും 14/05/2018-ന് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്.

തുടർന്ന് നടത്തിയ അന്വേഷണത്തിൽ നിന്നും മേൽ പറഞ്ഞ ജീവനക്കാരുടെ മൊഴികളിൽ നിന്നും, മൂന്നാർ വൈൽഡ് ലൈഫ് വാർഡനായ ശ്രീമതി. ലക്ഷ്മി 03/05/2018-ന് ഉച്ചക്ക് മുമ്പായി ഏകദേശം 10.30-നോട് കൂടി ഫീൽഡ് ഡയറക്ടർ ഓഫീസിൽ എത്തുകയും ഓഫീസിലെ ഹെഡ് അക്കൗണ്ടന്റിനോടും സീനിയൽ ക്ലാർക്ക് സുജിത്തിനോടും എസ്റ്റിമേറ്റുകൾ പാസ്സാക്കുന്നത് സംബന്ധിച്ച് കയർത്ത് സംസാരിച്ചെന്നാണ് മനസിലാകുന്നു. ഫീൽഡ് ഡയറക്ടറെ 'അയാൾ' എന്ന് അഭിസംബോധന ചെയ്ത് കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനോട് സംസാരിക്കുകയും, തുടർന്ന് ഉച്ചയ്ക്ക് ഒരുമണിയോടെ ഓഫീസിലെ റ്റി.എ ആയ ശ്രീ. ഹരികൃഷ്ണനുമായി റ്റി.എ-യുടെ ക്യാബിനിൽ വച്ച് വാക്കുതർക്കം ഉണ്ടാകുകയും 'നിന്നെ ഞാൻ കാണിച്ചുതരാമെടാ' എന്ന് റ്റി.എ-യോട് പറഞ്ഞതായും മനസിലാകുന്നു. റ്റി.എ-യുടെ ക്യാബിനിൽ വച്ച് വാക്കുതർക്കത്തിന്റെ വിഷയം ക്യാബിൻ അടച്ചിട്ടിരുന്നതിനാൽ ജീവനക്കാർക്ക് കേൾക്കാൻ സാധിച്ചിട്ടില്ല.

ഓഫീസിലെ വാക്കു തർക്കം കഴിഞ്ഞ് പുറത്തുവന്ന ശ്രീമതി. ലക്ഷ്മി ഔദ്യോഗിക വാഹനത്തിൽ കയറുകയും മൂന്നാൽ വൈൽഡ് ലൈഫ് വാർഡൻ ശ്രീമതി ആർ. ലക്ഷ്മിയുടെ ഡ്രൈവർ ശ്രീ. ശ്യാം എന്നയാൾ ഓഫീസിന് പുറത്ത് മൂന്നാർ വാർഡന്റെ ഔദ്യോഗിക വാഹനത്തിലിരുന്ന് ഫീൽഡ് ഡയറക്ടർ ഓഫീസിലെ ജീവനക്കാർ കേൾക്കെ ശ്രീ. ഹരികൃഷ്ണനെ അസഭ്യം പറയുന്നത് കേട്ടു എന്ന് ഓഫീസ് ജീവനക്കാരനായ ശ്രീ.ഷിജോ സി കുര്യൻ, ഹെഡ് അക്കൗണ്ടിന്റെ മൊഴിയിൽ പറയുന്നുണ്ട്. ആയത് ശരിയാണെന്ന് അന്വേഷണത്തിലും ബോധ്യപ്പെടുകയുണ്ടായി.

മൂന്നാർ വൈൽഡ് ലൈഫ് വാർഡന്റെ ഔദ്യോഗിക വാഹനത്തിന്റെ ഡ്രൈവറായി അന്നേ ദിവസം വന്ന ഡ്രൈവർ ശ്രീ. ശ്യാം കോതമംഗലം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുമ്പാകെ നൽകിയ മൊഴിയിൽ, ടിയാൻ ഫീൽഡ് ഡയറക്ടർ ഓഫീസിൽ നടന്നതായി പറഞ്ഞുകേട്ട ബഹളത്തിൽ ഒരു പ്രതികരണം നടത്തുകയോ ഫീൽഡ് ഡയറക്ടർ ഓഫീസിലുള്ള ആരോടും സംസാരിക്കുകയോ ചെയ്തിട്ടില്ല എന്നും, ഫീൽഡ് ഡയറക്ടർ ഓഫീസിൽ എന്താണ് സംഭവിച്ചത് എന്ന് ടിയാൻ ശ്രീമതി. ലക്ഷ്മിയോട് ചോദിച്ചതിൽ എന്റെ പേഴ്സണൽ കാര്യമാണ് എന്ന് മറുപടി പറയുകയും ചെയ്തു എന്നും, കുറച്ച് ദിവസങ്ങൾക്ക് ശേഷം ഇതുമായി ബന്ധപ്പെട്ട പത്രവാർത്ത വന്നതായി അറിയുകയും ഇതിനെ സംബന്ധിച്ച് ഓഫീസിൽ തിരക്കിയപ്പോൾ, അത് ഫീൽഡ് ഡയറക്ടർ ഓഫീസിൽ വച്ച് ഹരിസാറും, ലക്ഷ്മി മാഡവും തമ്മിൽ ഒരു പരാതിയെ സംബന്ധിച്ചുണ്ടായ വാക്കുതർക്കമാണെന്നും ടി പരാതി എന്താണെന്ന് തനിക്ക് അറിയുകയും ഇല്ല എന്നുമാണ്

മൊഴിയിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ഫീൽഡ് ഡയറകടർ ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീ. ജോ സി. കുര്യൻ, ടെക്നക്കൽ അസിസ്റ്റന്റ് ശ്രീ. ഹരികൃഷ്ണൻ എന്നിവരുടെ മൊഴിയിൽ പറഞ്ഞ കാര്യങ്ങൾക്ക് വ്യത്യസ്തമായാണ് ഡ്രൈവർ ശ്യാമിന്റെ മൊഴിയിൽ പറഞ്ഞിരിക്കുന്നത്.

തുടർന്ന് ശ്രീമതി ആർ. ലക്ഷ്മി - വൈൽഡ് ലൈഫ് വാർഡൻ, ശ്രീ. കെ.വി ഹരികൃഷ്ണൻ - ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർ എന്റെ നിർദ്ദേശപ്രകാരം എന്റെ മുമ്പാകെ 18/05/2018-ന് ഹാജരായി സംഭവത്തെക്കുറിച്ച് ഞാൻ ആരായുകയും അവർ ബോധിപ്പിച്ച കാര്യങ്ങൾ രേഖാമൂലം എഴുതി നൽകുകയുമുണ്ടായി.

ശ്രീ. ആർ ലക്ഷ്മി നൽകിയ മൊഴിയും ബോധിപ്പിച്ച കാര്യങ്ങളും പരിശോധിച്ചതിൽ നിന്നും ഔദ്യോഗികമായ കാര്യങ്ങൾക്കായി ഫീൽഡ് ഡയറക്ടർ ഓഫീസിൽ ഉണ്ടെന്ന ധാരണയിൽ 03/05/2018 -ന് എത്തുകയും ഫീൽഡ് ഡയറക്ടർ സ്ഥലത്ത് ഇല്ലെന്ന് അറിയുകയും ഓഫീസ് കാര്യങ്ങൾ സംസാരിക്കുന്നതിനായി റ്റി.എ ആയ ശ്രീ. ഹരികൃഷ്ണൻ ഇരിക്കുന്ന ക്യാബിനിൽ ഉച്ചയ്ക്ക് 1.30-നോട് കൂടി ചെല്ലുകയും സുഹൃത്ത് എന്ന നിലയിൽ ടിയാന്റെ പേരിൽ തനിക്ക് ലഭിച്ച ഒരു പരാതിയെപറ്റി സംസാരിക്കുകയും തുടർന്ന് ശ്രീ. ഹരികൃഷ്ണൻ പെട്ടന്ന് ക്ഷുഭിതനായി ആക്രോശിച്ച് സഭ്യമല്ലാത്ത രീതിയിൽ കയർത്ത് സംസാരിക്കുകയും തന്റെ സ്ത്രീത്വത്തെ അപമാനിക്കന്ന രീതിയിൽ പെരുമാറുകയും ഉണ്ടായെന്നും, മുൻപ് ഒരു സ്ഥലത്ത് (റാന്നി ഡിവിഷൻ) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്ന തലത്തിൽ ജോലി ചെയ്തപ്പോൾ കടമായി നൽകാനുള്ള 10,000/- രൂപ ബഹളം വച്ച് ആവശ്യപ്പെടുകയും ആയത് അപ്പോൾ നൽകുകയും ചെയ്തുവെന്നും, തുടർന്നും നനിക്ക് ലഭിച്ച പരാതിയെ സംബന്ധിച്ച് ആയതിന്റെ ഗൗരവത്തെ സംബന്ധിച്ചും ശ്രീമതി. ലക്ഷ്മി സംസാരിച്ചപ്പോൾ വീണ്ടും എന്റെ വ്യക്തിപരമായ കാര്യങ്ങളിൽ ഇടപെടണ്ട എന്ന് പറഞ്ഞ് ബഹളം ഉണ്ടാക്കുകയും, തുടർന്ന് താൻ ക്യാബിനിൽ നിന്നും പുറത്ത് ഇറങ്ങിയപ്പോൾ തന്റെ പുറകെവന്ന് ആക്രോശിച്ചും അപമര്യാദയായും പെരുമാറി എന്നും, തന്റെ കൂടെ താമസിപ്പിച്ചിരിക്കുന്നവനെ ഇറക്കിവിടടീ എന്നും ആക്രോശിച്ചുകൊണ്ട് തന്നെ അപമാനിച്ചു എന്നും മൊഴിയിൽ പറഞ്ഞിരിക്കുന്നു. ഇക്കാര്യം ഫീൽഡ് ഡയറക്ടർ ഓഫീസിൽ നടന്ന സംഭവമായതിനാലും പുറത്തറിഞ്ഞാൽ വകുപ്പിന് നാണക്കേടാകും എന്നതിനാലും ഇക്കാര്യം മേലധികാരത്തിലേക്ക് റിപ്പോർട്ട് ചെയ്തില്ല എന്നും പറയുന്നു. തുടർന്ന് 09/05/2018-ന് വിവരം പത്ര മാധ്യമത്തിൽ വാർത്തയായെന്നും പറയുന്നു.

തന്റെ കൈയ്യിൽ ലഭിച്ച പരാതി പുറത്തറിഞ്ഞാൽ വകുപ്പിന് ഉണ്ടായേക്കാവുന്ന നാണക്കേട് മൂലമാണ് മേൽ കാര്യങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽ പെടുത്താതിരുന്നത് എന്നും പറയുന്നു. ഈ സംഭവം നടന്നത് 03/05/2018-ന് ഉച്ച്ക്ക് 1.30-നാണെന്നും, താൻ ഫീൽഡ് ഡയറക്ടർ ഓഫീസിൽ നിന്നും ഇറങ്ങി വാഹനത്തിൽ കയറി പോകുകയും ചെയ്തു എന്നും വാഹനത്തിന്റെ ഡ്രൈവർ ആരോടും ഒന്നും സംസാരിക്കുവാനും പോയിട്ടില്ലാത്തതുമാണ് എന്നും പറയുന്നു. ഈ സംഭവത്തെ സംബന്ധിച്ച് സത്യസന്ധമായി അന്വേഷിക്കണമെന്നും സ്ത്രീ എന്ന നിലവിൽ നീതി ഉറപ്പാക്കണം എന്നും കാണിച്ച്

ബഹുമാനപ്പെട്ട ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്-ന് നൽകിയ പരാതിയുടെ പകർപ്പും, മൂന്നാർ വൈ[illegible] ലൈഫ് ഡിവിഷനിൽ നടക്കുന്ന കാര്യങ്ങളെ ദിവസവേതന വാച്ചർമാർ, പാമ്പാടുംചോലവൈ[illegible] ലൈഫ് വാർഡൻ എന്ന പേരിൽ 11/03/2018 തീയതി വച്ച് 02/05/2018-ന് ടിയാൾക്ക് ലഭിച്ചു എന്നു പറയുന്ന പരാതിയുടെ പകർപ്പും മൊഴിയോടൊപ്പം ഉള്ളടക്കമായി സമർപ്പിച്ചിട്ടുണ്ട്.

ശ്രീമതി ലക്ഷമിയുടെ മൊഴിയിൽ ഔദ്യോഗിക കാര്യത്തിനാണ് വന്നതെന്ന് പറയുന്നുണ്ടെങ്കിലും തന്റെ അധികാരപരിധിയിലോ ഉത്തരവാദിത്വത്തിലോ ഉൾപ്പെടാത്ത കാര്യമായ മേലധികാരിയുടെ ഓഫീസിൽ ജോലി ചെയ്യുന്നതും തുല്യപദവിയിലുള്ളതുമായ ടെക്നിക്കൽ അസിസ്റ്റന്റിനോട് ടിയാൻ ആരോപണവിധേയനായ പരാതി സംബന്ധിച്ച് സംസാരിച്ചതും തുടർന്ന് വാക്കുതർക്കം ഉണ്ടായതും, ഔദ്യോഗികകാര്യത്തിനായി ഓഫീസിൽ വന്നതാണെന്നുള്ള മൊഴിയും പരസ്പരവിരുദ്ധമാണ്. മുൻപരിചയവും സുഹൃദ്ബന്ധവും ഔദ്യോഗിക കാര്യത്തിൽ കൂട്ടിക്കലർത്തിയത് ശരിയായ നടപടിയല്ല.

തുടർന്ന് ശ്രീ. കെ.വി ഹരികൃഷ്ണൻ റ്റി.എ നൽകിയ വിവരങ്ങളും മൊഴിയും പരിശോധിച്ചതിൽ, ശ്രീമതി ആർ. ലക്ഷ്മി 03/05/2018-ന് രാവിലെ 10.30 മണിയോടെ ഓഫീസിൽ എത്തുകയും ദേഷ്യത്തോടെ ഓഫീസ് ജീവനക്കാരോട് (കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്) 'അയാൾ' ഇവിടെയുണ്ടോ എന്നും അയാളെ വിളിച്ചിട്ട് ഫോൺ എടുക്കുന്നില്ല എന്നും അയാളെ കാണാനാണ് ഞാൻ വന്നതെന്നും ടിയാൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. അയാൾ ഓഫീസിൽ ഇല്ല എന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ മൂന്നാറിൽ നിന്ന് ഇവിടം വരെ വരില്ലായിരുന്നു എന്നും ഇയാൾ തേക്കടി ഡിവിഷന്റെ മാത്രം ഫീൽഡ് ഡയറക്ടർ ആണോ എന്നും ദേഷ്യത്തിൽ ശബ്ദമുയർത്തി പറഞ്ഞു ഈ സമയമൊക്കെ ഹരികൃഷ്ണൻ മെയിൻ ഹാളിൽ നിൽപുണ്ടായിരുന്നു. തുടർന്ന് ഔദ്യോഗിക കാര്യങ്ങൾ സംബന്ധിച്ച് ഹെഡ് അക്കൗണ്ടന്റിനോടും, സീനിയർ ക്ലാർക്കിനോടും അതിരൂക്ഷമായി സംസാരിച്ചു ഈ സമയത്ത് താൻ (റ്റി.എ) ക്യാബിനിലേക്ക് പോയി ജോലിയിൽ മുഴുകി എന്നും പറയുന്നു.

തുടർന്ന് ശ്രീമതി. ലക്ഷ്മി റ്റി.എ-യുടെ മുറിയിൽ ഉച്ചയ്ക്ക് ഒരുമണിയോടെ കയറി ചെല്ലുകയും ഹരികൃഷ്ണൻ (റ്റി.എ) ഇരിയ്ക്കാൻ പറഞ്ഞ് ഇരിക്കുകയും ചെയ്തു. 'നിന്നോട്' കുറച്ച് കാര്യങ്ങൾ സംസാരിക്കാനാണ് ഞാൻ വന്നതെന്നും പുറത്തുള്ളവന്മാർക്ക് ഇഷ്ടംപോലെ ചീത്ത ഞാൻ കൊടുത്തിട്ടുണ്ടെന്നും പറഞ്ഞു. തുടർന്നും വ്യക്തിപരമായ കാര്യങ്ങൾ (ഡ്രൈവർ ശ്യാമിന്റെ നിയമനവും സംബന്ധിച്ച്) വളരെ സമയം ക്ഷുഭിതയായും, ആക്രോശിച്ചും സംസാരിച്ച് നിന്നെ കാണിച്ച് തരാമെടാ എന്ന് പറഞ്ഞ് ഇറങ്ങി പോവുകയും, തുടർന്ന് 5-മിനിറ്റിന് ശേഷം വീണ്ടും മുറിയിൽ കയറിവന്ന് നിന്നെ ഞാൻ കാണിച്ചുതരാമെടാ എന്ന് പറഞ്ഞ് ഇറങ്ങിപോയി എന്നും തുടർന്ന് ഔദ്യോഗിക വാഹനത്തിൽ കയറി ഡ്രൈവറോട് എന്തോ പറഞ്ഞശേഷം ഡ്രൈവർ ശ്യാം വാഹനം പ്രധാന കവാടത്തിൽ എത്തുംവരെ ശ്രീ. ഹരികൃഷ്ണനെ അസഭ്യം ഉച്ചത്തിൽ വിളിച്ച് പറഞ്ഞ് വാഹനം ഓടിച്ചുപോയി. ഓഫീസിന്റെയും

വകുപ്പിന്റെയും അന്തസ്സും യശസ്സും സംരക്ഷിക്കേണ്ട ബാധ്യത ഉള്ളതിനാൽ തന്റെ മരണപ്പെട്ടുപോയ അച്ഛനേയും അമ്മയേയും അസഭ്യം പറഞ്ഞിട്ടും പ്രതികരിച്ചില്ല എന്നും മൊഴിയിൽ പറയുന്നു.

ഔദ്യോഗിക കാര്യങ്ങളിൽ ഉണ്ടായ സാങ്കേതിക തടസ്സങ്ങളാണ് മേൽ പറഞ്ഞ അവസ്ഥ ഉണ്ടാവാൻ ഒരു കാരണമെന്നും മൊഴിയിൽ പറയുന്നു. മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിലെ, ഇരവികുളം നാഷണൽ പാർക്കിലെ 5th മൈൽ Renovation of sanitation and electric facility of the toilet complex, tourism zone, ടി സ്ഥലത്തെ refurbishing electric system of establishment at tahar 1 in Eravikulam National Park എന്നീ ജോലികൾ സംബന്ധിച്ച ജോലികൾ മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിൽ 13/04/2018-ന് ടെൻഡർ ചെയ്യുകയും 23/04/2018-ന് ടെൻഡർ തുറക്കുകയും ചെയ്തു. എന്നാൽ അടങ്കൽ ഫീൽഡ് ഡയറക്ടർ ഓഫീസിൽ ലഭിച്ചത് 25/04/2018-നാണ്.

കൂടാതെ ഇവർ ഒരുമിച്ച് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററും, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറും ആയി റാന്നി ഡിവിഷനിൽ ജോലി ചെയ്തിരുന്നു അവിടെ ജോലി ചെയ്തിരുന്ന താത്കാലിക ഡ്രൈവർ ശ്യം എന്നയാളെ ശ്രീമതി. ലക്ഷ്മി മൂന്നാറിലേക്ക് സ്ഥലം മാറി വന്നപ്പോൾ തന്റെ ഡിവിഷനിലേക്ക് ഡ്രൈവറായി നിയമിച്ചതും അതുമായി ബന്ധപ്പെട്ട വ്യക്തിപരമായ കാര്യങ്ങളും പുറത്ത് അറിഞ്ഞതിന് താനാണ് ഉത്തരവാദിയെന്ന് ശ്രീമതി ലക്ഷ്മിക്ക് തെറ്റിദ്ധാരണയുണ്ടായതായും, ഇതിന് മുൻപ് ബഹുമാനപ്പെട്ട അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൗഷാദ് സാറിനോട് അപമര്യാദയായി ശ്രീമതി. ലക്ഷ്മി സംസാരിക്കുകയും ബഹുമാനപ്പെട്ട ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്-ന് പരാതി നൽകുകയും ചെയ്തിട്ടുള്ളതാണെന്നും, കൂടാതെ ശ്രീ. ഹരികൃഷ്ണനെ സ്വഭാവഹത്യ ചെയ്തുകൊണ്ടുള്ള ഒരു പരാതി പല ഓഫീസുകളിലും കൊണ്ടുപോയതായി അറിയാൻ കഴിഞ്ഞു എന്നും ഓഫീസിൽ ഉണ്ടായ മേൽ സംഭവങ്ങൾ അന്നേ ദിവസം തന്നെ ഫീൽഡ് ഡയറക്ടറെ ഫോണിൽ വിളിച്ച് അറിയിച്ചതായും ഓഫീസിനുണ്ടായ കളങ്കത്തിനും തനിക്കുണ്ടായ മാനഹാനിക്കും പരിഹാരം ഉണ്ടാക്കണമെന്നും മൊഴിയിൽ പറയുന്നു.

ദർഘാസ് നടപടികൾക്കു മുമ്പെ അതുമായി ബന്ധപ്പെട്ട അടങ്കലുകൾ ആധികാരിക ഉദ്യോഗസ്ഥന് സമർപ്പിച്ച് അനുമതി ലഭ്യമാക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥ അപ്രകാരം ചെയ്യാതെ ദർഘാസ് നടപടികൾ പൂർത്തിയായി കഴിഞ്ഞ് അടങ്കൽ സമർപ്പിക്കുകയും തുടർന്ന് ജോലികൾക്കുള്ള അടങ്കൽ യഥാസമയം പാസായി ലഭിക്കാത്ത കാരണത്താൽ ശ്രീമതി ലക്ഷ്മി ക്ഷുഭിതയായി ഫീൽഡ് ഡയറക്ടർ ഓഫീസിലെ ജീവനക്കാരോട് സംസാരിച്ചതായി മനസ്സിലാക്കുന്നു. ശ്യം എന്ന ഡ്രൈവറെ സംബന്ധിച്ച വ്യക്തിപരമായ പരാമർശം വാക്കുതർക്കത്തിന് കാരണമായതായി മൊഴിയിൽ നിന്നും മനസ്സിലാക്കുന്നു.

കണ്ടെത്തലുകൾ:-

1. മൂന്നാർ വൈൽഡ് ലൈഫ് വാർഡനായ ശ്രീമതി. ആർ. ലക്ഷ്മി ഫീൽഡ് ഡയറക്ടർ ഓഫീസിൽ എത്തിയത് ഔദ്യോഗിക ആവശ്യത്തിനാണെന്ന് പറയുന്നുണ്ടെങ്കിലും ടിയാൾ ഫീൽഡ്

ഡയറക്ടർ ഓഫീസിൽ നടത്തിയ പ്രവർത്തിയും, ജീവനക്കാരോടുള്ള പെരുമാറ്റ ഒൗദ്യോഗിക പദവിക്ക് നിരക്കാത്തതും, ഒൗദ്യോഗിക പദവി ദുരുപയോഗം ചെയ്യലുമാണ്.

2. സീനിയർ ഓഫീസറും മേലധികാരിയുമായ ഫീൽഡ് ഡയറക്ടറുടെ ഒൗദ്യോഗിക പദവിയെ അപമാനിച്ച് 'അയാൾ' എന്ന് മറ്റ് ഉദ്യോഗസ്ഥരോട് അഭിസംബോധന ചെയ്തത് ഒൗദ്യോഗിക പദവിയെ തരംതാഴ്ത്തിയ നടപടിയാണ്. ആയത് അച്ചടക്ക ലംഘനവുമാണ്.

3. ദിവക്കൂലി അടിസ്ഥാനത്തിൽ തന്റെ കീഴിൽ ജോലി ചെയ്യുന്ന ഡ്രൈവറുടെ പെരുമാറ്റം നിയന്ത്രിക്കാൻ ഉത്തരവാദപ്പെട്ട പദവിയിലിരിക്കുന്ന ഉദ്യോഗസ്ഥ എന്ന നിലയിൽ ടിയാളുടെ ഭാഗത്ത് വൻ വീഴ്ച സംഭവിച്ചിട്ടുണ്ട്.

4. വനം വകുപ്പിന്റെ സൽപേരിന് കളങ്കം വരുത്തുന്ന തരത്തിലുള്ള പ്രവർത്തിയാണ് ശ്രീമതി. ലക്ഷ്മിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത് എന്ന്, ശ്രീ. കെ.വി ഹരികൃഷ്ണന്റെ മൊഴി, ഫീൽഡ് ഡയറക്ടർ ഓഫീസിലെ ജീവനക്കാരുടെ മൊഴി എന്നിവയിൽ നിന്നും അന്വേഷണത്തിൽ നിന്നും ബോധ്യപ്പെടുന്നു. ഫീൽഡ് ഡയറക്ടർ ഓഫീസിലെ സംഭവ സമയം ഹാജരുണ്ടായിരുന്ന ജീവനക്കാർ ഒന്നടങ്കം ഒരേ തരത്തിൽ നൽകിയ മൊഴി സാഹചര്യ തെളിവുകൾ വച്ച് വിശ്വാസത്തിലെടുക്കാവുന്നതാണ്.

5. മൂന്നാർ വൈൽഡ് ലൈഫ് വാർഡന്റെ തൊട്ടു മേലധികാരിയായ ഫീൽഡ് ഡയറക്ടറുടെ ഓഫീസിൽവച്ച് നടന്ന സംഭവം ഫീൽഡ് ഡയറക്ടറെ യഥാസമയം അറിയിക്കാതെ ഈ വിഷയത്തിൽ അന്വേഷണം നടത്തുന്ന വേളയിൽ നേരിട്ട് വകുപ്പുതലവന് പരാതിയായി നൽകിയതും അനുചിതവും മുൻഗണനാക്രമലംഘനവുമാണ്.

വിശ്വസ്തതയോടെ,

ഫോറസ്റ്റ് കൺസർവേറ്റർ(ഐ&ഇ),
കോട്ടയം.

ഉള്ളടക്കം:-

1. ഇടുക്കി ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 16/05/2018-ലെ പി 22/18 നമ്പർ റിപ്പോർട്ട്.
2. കോതമംഗലം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയ ഡ്രൈവർ ശ്രീ. ശ്യാമിന്റെ മൊഴി.
3. 18/05/2018-ൽ മൂന്നാർ വൈൽഡ് ലൈഫ് വാർഡൻ ശ്രീമതി ആർ. ലക്ഷ്മി ഫോറസ്റ്റ് കൺസർവേറ്റർ (ഐ&ഇ) കോട്ടയം മുമ്പാകെ എഴുതി നൽകിയ മൊഴിയും ഉള്ളടക്കങ്ങളും.
4. 18/05/18-ൽ ഫീൽഡ് ഡയറക്ടർ പ്രൊജക്ട് ടൈഗർ കോട്ടയം ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. കെ.വി. ഹരികൃഷ്ണൻ എഴുതി നൽകിയ മൊഴി.

പകർപ്പ്: പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം അവർകളുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

ഫോറസ്റ്റ് കൺസർവേറ്റർ(ഐ&ഇ),
കോട്ടയം.